**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 199** **22-07-2021 - ൽ മറുപടിയ്ക്ക്**

**വടകരയിലെ അടഞ്ഞു കിടക്കുന്ന കശുവണ്ടി ഫാക്ടറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വടകര നിയോജകമണ്ഡലത്തിലെ അഴിയൂർ പഞ്ചായത്തിൽ കശുവണ്ടി കോർപറേഷനു കീഴിലുള്ള കശുവണ്ടി ഫാക്ടറി കഴിഞ്ഞ മുപ്പതു വർഷത്തോളമായി അടഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വടകര നിയോജകമണ്ഡലത്തിലെ അഴിയൂർ പഞ്ചായത്തിൽ കശുവണ്ടി വികസന കോർപ്പറേഷന് കശുവണ്ടി ഫാക്ടറി ഇല്ല. ഇവിടെ കശുവണ്ടി വികസന കോർപ്പറേഷന്റെ ഡ്രൈയിംഗ് യാർഡും ഗോഡൗണും മാത്രമാണുള്ളത്. |
| (ബി) | പ്രസ്തുത സ്ഥാപനം എന്നാണ് സ്ഥാപിതമായത്; എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇവിടെ നടന്നിരുന്നതെന്നും എന്നു മുതലാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തലാക്കിയതെന്നും വ്യക്തമാക്കുമോ; | (ബി) | ബാധകമല്ല |
| (സി) | പ്രസ്തുത കമ്പനിയുടെ പ്രവർത്തനം നിർത്തിയതിനു പിന്നിലെ കാരണങ്ങൾ എന്തൊക്കെയാണ്; | (സി) | ബാധകമല്ല |
| (ഡി) | എത്ര ഏക്കർ ഭൂമിയാണ് കമ്പനിയുടെ അധീനതയിലുള്ളത്; ഇപ്പോൾ ഇത് ആരുടെ ഉടമസ്ഥതയിലാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) | 3 ഏക്കർ 55 സെന്റ് ഭൂമിയാണ് കശുവണ്ടി വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളത്. |
| (ഇ) | ഈ കമ്പനി വീണ്ടും തുറന്നു പ്രവർത്തിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ; | (ഇ) | ബാധകമല്ല. |
| (എഫ്) | ഇല്ലെങ്കിൽ ഈ ഭൂമി മറ്റേതെങ്കിലും പദ്ധതിക്കായി ഉപയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ? | (എഫ്) | മേപ്പടി ഭൂമിയുടെ ഒരു ഭാഗം മാഹി-തലശ്ശേരി ബൈപ്പാസിന്റെ നിർമ്മാണ ആവശ്യത്തിന് നൽകുന്നതിനായുള്ള ലാൻഡ് അക്വിസിഷൻ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ